# സമാധാനമുള്ള ഭവനത്തിനായ്
# ആറ് സുപ്രധാന നിർദ്ദേശങ്ങൾ


**അബുൽ വഫ അനസ് അലി ബിൻ അബ്ദിർറഹ്മാൻ**

وَفَّقَهُ اللَّهُ




# ആമുഖം

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

الحمد لله وحده والصلاة والسلام على رسول الله وآله وصحبه،

അല്ലാഹു നമുക്ക് നൽകിയ ഒട്ടേറെ അനുഗ്രഹങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് നമ്മുടെ വീടും, കുടുംബവും. ഈ അനുഗ്രഹത്തിന്റെ വില മനസ്സിലാകണമെങ്കിൽ ഇത് നഷ്ടപ്പെട്ട അതല്ലെങ്കിൽ ഈ അനുഗ്രഹം ലഭിക്കപ്പെടാത്തവരിലേക്ക് നാം ഒന്ന് നോക്കുക. (ഏത് അനുഗ്രഹത്തിന്റെയും വില മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്ന കാര്യമാണിത്)

എത്ര എത്ര ആളുകളാണ് രാപാർക്കാൻ ഒരിടമില്ലാതെ അലയുന്നത് ചെന്ന് കയറിയാൽ സ്വീകരിക്കാൻ ആരോരുമില്ലാതെ ഒറ്റപ്പെട്ടു കഴിയുന്നത്. എന്നാൽ നോക്കൂ അല്ലാഹു നമുക്ക് സാമാധാനത്തോടെ താമസിക്കാൻ വീടുകളും, സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവെക്കുവാൻ കുടുംബത്തെയും സമ്മാനിച്ചു.

അല്ലാഹു പറയുന്നു.

{ وَٱللَّهُ جَعَلَ لَكُم مِّنۢ بُيُوتِكُمۡ سَكَنًا ..}﴿٨٠﴾ [النحل: 80]

**അല്ലാഹു നിങ്ങൾക്കു നിങ്ങളുടെ വീടുകളെ വിശ്രമസ്ഥാനമാക്കിയിരിക്കുന്നു.**

വീടുകൾ അല്ലാഹു സംവിധാനിച്ചതു തന്നെ ആശ്വാസത്തിനും മാനസികവും ശാരീരികവുമായ സമാധാനത്തിനും വേണ്ടിയാണ്. എന്നാൽ ഇന്ന് മുസ്ലീങ്ങളിൽ പല യാളുകളും വീട്ടിൽ സമാധാനമില്ല, കുടുംബത്തിൽ ഐക്യമില്ല, ഭാര്യാഭർത്താക്കൻമാർ ക്കിടയിൽ സ്നേഹമില്ല, എന്ന് തുടങ്ങി ഒരുപാട് പരാതികൾ പറഞ്ഞു കൊണ്ടിരിക്കുന്നു. എന്താണ് ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കുവാനുള്ള കാരണങ്ങളെന്ന് ഇസ്ലാമിന്റെ

പ്രമാണങ്ങൾ മുൻ നിർത്തി പണ്ഡിതൻമാർ വിശദീകരിച്ചിട്ടുണ്ട്.

വീട്ടിൽ നന്മകൾ കുറയുന്നു എന്നതും തിന്മകൾ അധികരിക്കുന്നു എന്നതുമാണ് ഇതിന്റെയെല്ലാം പ്രധാന കാരണം. വീട്ടിലും, കുടുംബത്തിലും പാലിക്കേണ്ടതും അവിടെ സമാധാനവും സന്തോഷവും ഉണ്ടാക്കുവാൻ സഹായകമാകുന്നതുമായ അൽപ്പം ചില കാര്യങ്ങൾ താഴെ വിശദീകരിക്കാം.

# 1) വീട്ടിൽ ധാരാളമായി അല്ലാഹുവിനെ സ്മരിക്കൽ

# (الإكثار من ذكرالله وقراءة القرآن)

ഇത് വീട്ടിൽ നന്മകൾ വർദ്ധിക്കാനും, അവിടെ സമാധാനം ഉണ്ടാകുവാനുമുള്ള വളരെ പ്രധാനപ്പെട്ട ഒന്നാണ്.

**عَنْ أَبِي مُوسَى ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " مَثَلُ الْبَيْتِ الَّذِي يُذْكَرُ اللَّهُ فِيهِ، وَالْبَيْتِ الَّذِي لَا يُذْكَرُ اللَّهُ فِيهِ مَثَلُ الْحَيِّ وَالْمَيِّتِ "**

**അബൂ മൂസൽ അശ്അരി ﵁ വിൽ നിന്ന് നിവേദനം : നബി ﷺ പറഞ്ഞു: അല്ലാഹുവിനെ സ്മരിക്കുന്ന വീടിന്റെ ഉപമയും അവനെ സ്മരിക്കാത്ത വീടിന്റെ ഉപമയും ഒരു ജീവനുള്ള ശരീരത്തിന്റെയും ശവത്തിന്റെയും പോലെയാണ്.**

**(صحيح مسلم ٢١١)**

ഈ ഹദീസിൽ നബി ﷺ അല്ലാഹുവിനെ സ്മരിക്കാത്ത വീടിനെ ഒരു ശവത്തോടാണ് ഉപമിച്ചത്. അതു തന്നെ ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാൻ മതിയായതാണ്. അല്ലാഹുവിനെ സ്മരിക്കുന്നതിൽ ഏറ്റവും ശ്രേഷ്ഠമായ കാര്യമാണ് അവന്റെ കലാമായ വിശുദ്ധ ഖുർആനിന്റെ പാരായണം.

നബി ﷺ പറഞ്ഞു:

**" لَا تَجْعَلُوا بُيُوتَكُمْ مَقَابِرَ ؛ إِنَّ الشَّيْطَانَ يَنْفِرُ مِنَ الْبَيْتِ الَّذِي تُقْرَأُ فِيهِ سُورَةُ الْبَقَرَةِ "**

**നിങ്ങളുടെ ഭവനങ്ങളെ നിങ്ങൾ ഖബറിടം പോലെ ആക്കിത്തീർക്കരുത്. തീർച്ചയായും പിശാച് സൂറത്തുൽ ബഖറ പാരായണം ചെയ്യപ്പെടുന്ന ഭവനങ്ങളിൽ നിന്നും ഓടിയകലുന്നതാണ്.**

**(مسلم ٢١٢)**

നമ്മുടെ മുഖ്യ ശത്രുവായ പിശാചിനെ അല്ലാഹു നമുക്ക് നൽകിയ വീടുകളിൽ നിന്നും അകറ്റുക എന്നത് അവിടെ സമാധാനവും, സന്തോഷവും ഉണ്ടാകുവാനുള്ള പ്രധാനപ്പെട്ട കാര്യമാണ്. കാരണം പിശാച് സ്നേഹബന്ധങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കുന്നവനാണ്. അപ്രകാരം അവനെ നമ്മുടെ ഭവനങ്ങളിൽ നിന്ന് തുരത്തുവാനുള്ള ഏറ്റവും വലിയ മാർഗമാണ് വിശുദ്ധ ഖുർആനിന്റെ പാരായണം പ്രത്യേകിച്ചും സൂറത്തുൽ ബഖറ.

അബൂ ഹുറൈറ ﵁ വിൽ നിന്ന് മർഫൂആയി ഉദ്ദരിക്കപ്പെട്ട ഹദീസിൽ ഇപ്രകാരം കാണാം:

**إِنَّ الْبَيْتَ لَيَتَّسِعُ عَلَى أَهْلِهِ، وَتَحْضُرُهُ الْمَلَائِكَةُ وَتَهْجُرُهُ الشَّيَاطِينُ، وَيَكْثُرُ خَيْرُهُ ؛ إِنْ يُقْرَأْ فِيهِ الْقُرْآنُ، وَإِنَّ الْبَيْتَ لَيَضِيقُ عَلَى أَهْلِهِ، وَتَهْجُرُهُ الْمَلَائِكَةُ وَتَحْضُرُهُ الشَّيَاطِينُ، وَيَقِلُّ خَيْرُهُ ؛ إِنْ لَا يُقْرَأْ فِيهِ الْقُرْآنُ**

**ഒരു വീട്ടിൽ ഖുർആൻ പാരായണം ചെയ്യപ്പെടുന്നു എങ്കിൽ. അത് എത്ര ചെറുതാണെങ്കിലും അതിന്റെ ആളുകൾക്ക് വളരെ വിശാലത ഉണ്ടാകുന്നതാണ്. അവിടെ മലക്കുകൾ സന്നിഹിതരാകും, പിശാചുക്കൾ അവിടെ നിന്നും അകലും, ആ വീട്ടിലെ നന്മകൾ വർദ്ധിച്ചു കൊണ്ടിരിക്കും. എന്നാൽ ഒരു വീട്ടിൽ ഖുർആൻ പാരായണം ചെയ്യപ്പെടുന്നില്ലായെങ്കിൽ അത് വലുതാണെങ്കിലും അതിന്റെ ആളുകൾക്ക് വളരെ ഇടുക്കമുള്ളതാകും. മലക്കുകൾ ആ വീട്ടിൽ നിന്ന് അകലും, പിശാചുക്കൾ അവിടെ ഹാജരാകും, ആ വീട്ടിലെ നന്മകൾ കുറഞ്ഞില്ലാതെയാകും.**

**(سنن الدارمي ٣٣٥٢)**

വീട്ടിൽ നാം ശ്രദ്ധിക്കേണ്ട മറ്റൊരു ദിക്റാണ് വീട്ടിൽ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴുമുള്ള ദിക്റുകൾ. ഇതും മേൽ സൂചിപ്പിച്ചത് പോലെ പിശാചിനെ വീട്ടിൽ നിന്നും അകറ്റാനുള്ള മാർഗമാണ്. എന്നാൽ ധാരാളം ആളുകളും അശ്രദ്ധരായ ഒരു കാര്യമാണിത്. വീട്ടിലേക്ക് കയറുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴുമെല്ലാം പഠിപ്പിക്കപ്പെട്ട ലളിതമായ ദിക്റുകൾ പോലും ചൊല്ലുവാൻ നാം മറക്കുന്നു എങ്കിൽ ശൈത്വാൻ എത്രത്തോളം നമ്മെ കീഴടക്കിയിരിക്കുന്നു എന്നതിന്റെ അടയാളമാണിത്.

**عَنْ جَابِرِ بْنِ عَبْدِ اللَّهِ ، أَنَّهُ سَمِعَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : " إِذَا دَخَلَ الرَّجُلُ بَيْتَهُ، فَذَكَرَ اللَّهَ عِنْدَ دُخُولِهِ، وَعِنْدَ طَعَامِهِ قَالَ الشَّيْطَانُ : لَا مَبِيتَ لَكُمْ، وَلَا عَشَاءَ. وَإِذَا دَخَلَ فَلَمْ يَذْكُرِ اللَّهَ عِنْدَ دُخُولِهِ قَالَ الشَّيْطَانُ : أَدْرَكْتُمُ الْمَبِيتَ. وَإِذَا لَمْ يَذْكُرِ اللَّهَ عِنْدَ طَعَامِهِ، قَالَ : أَدْرَكْتُمُ الْمَبِيتَ وَالْعَشَاءَ**

**ജാബിർ ﵁ പറഞ്ഞു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു:**

**ഒരു വ്യക്തി തന്റെ വീട്ടിൽ പ്രവേശിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിച്ചാൽ ശൈത്വാൻ അവന്റെ കൂട്ടാളികളോട് പറയും: നിങ്ങൾക്കിവിടെ താമസവും, ഭക്ഷണവും ഇല്ല. എന്നാൽ ഒരുവൻ വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ സ്മരിച്ചില്ലാ എങ്കിൽ ശൈത്വാൻ പറയും: ഇതാ നിങ്ങൾക്കിവിടെ താമസം ലഭിച്ചിരിക്കുന്നു. ഇനി അവൻ ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ ശൈത്വാൻ പറയും : ഇതാ നിങ്ങൾക്കിവിടെ ഭക്ഷണം കൂടി ലഭിച്ചിരിക്കുന്നു**

**(مسلم ٢٠١٨)**

നാം ശൈത്വാന് ഊണും, ഉറക്കവും കൊടുത്ത് അവന്റെ സഹായികളായി മാറാതിരിക്കുക. ഒരു ചെറിയ കാര്യത്തിലുള്ള അശ്രദ്ധ എത്ര മാത്രം അപകടമാണെന്ന് നോക്കൂ..! ഈ കാര്യം ശ്രദ്ധിച്ചാലുള്ള ഗുണവും ശ്രദ്ധിക്കൂ..!നമ്മുടെ വീട്ടിലെയും, കുടുംബത്തിലെയും ഒരുപാട് ചെറുതും വലുതുമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ ഇത് നമ്മെ സഹായിക്കുക തന്നെ ചെയ്യും.

കുടുംബത്തിൽ സ്നേഹവും, ഐക്യവും നിലനിർത്താൻ സഹായാകുന്ന മറ്റൊരു കാര്യമാണ് വീട്ടിൽ പ്രവേശിക്കുമ്പോഴും അല്ലാത്ത വേളകളിലും ധാരാളം സലാം പറയൽ വർദ്ധിപ്പിക്കുക എന്നത്. ഇതും ഒരുപാടാളുകൾ വീഴ്ച്ചവരുത്തിയ കാര്യങ്ങളിൽ പ്പെട്ടതാണ്.

നബി ﷺ പറഞ്ഞു:

**"لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا، وَلَا تُؤْمِنُوا حَتَّى تَحَابُّوا، أَوَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ ؟ أَفْشُوا السَّلَامَ بَيْنَكُمْ ".**

**നിങ്ങൾ വിശ്വാസികളാകുന്നതു വരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നത് വരെ നിങ്ങൾ വിശ്വാസികളുമാവുകയില്ല. നിങ്ങൾക്കിടയിൽ**

**സ്നേഹം ഉളവാക്കുന്ന ഒരു കാര്യം ഞാൻ പറഞ്ഞു തരാം. അത് നിങ്ങൾക്കിടയിൽ സലാം വ്യാപിപ്പിക്കലാകുന്നു.**

**(صحيح مسلم ٥٤)**

നിങ്ങൾ പരസ്പരം സലാം പറയണം എന്നല്ല അവിടുന്ന് പറഞ്ഞത് മറിച്ച് നിങ്ങൾ സലാം വ്യാപിപ്പിക്കൂ എന്നാണ് പറഞ്ഞത്. സ്വാഹാബികൾ പരസ്പരം കണ്ടു മുട്ടിയാൽ സലാം പറയുകയും ഒരു ചെറിയ മറക്കുള്ളിൽ പോയി വീണ്ടും കണ്ടു മുട്ടിയാൽ അവർ വീണ്ടും സലാം പറയുമായിരുന്നു. എന്നാൽ സ്വാഹാബികളുടെ പിൻഗാമികൾ എന്ന് അവകാശപ്പെടുന്ന നമ്മൾ ഏറ്റവും അടുത്ത കുടുംബാംഗങ്ങളോട് പോലും സലാം പറ യാൻ മടിച്ചു നിൽക്കുന്നു. ഇനി പറയുകയാണെങ്കിൽ തന്നെ അവ്യക്തമായി പതിഞ്ഞ സ്വരത്തിൽ എന്തോ ഉരുവിടുന്നു. ഇങ്ങനെയാണെങ്കിൽ പിന്നെങ്ങനെ നമുക്കിടയിൽ ഐക്യവും, സ്നേഹവും ഉണ്ടാകും. ശൈത്വാൻ നമുക്കിടയിലെ ഐക്യവും, സ്നേഹ ബന്ധവും തകർക്കുവാൻ ഇത്തരം നന്മകളുടെ കാര്യത്തിൽ നമ്മെ അശ്രദ്ധ യിലാക്കുന്നു എന്ന കാര്യം നാം തിരിച്ചറിയുക.

## 2) വീട്ടിൽ സുന്നത്ത് നിസ്കാരങ്ങൾ അധികരിപ്പിക്കുക.

## (الإكثار من صلاة النوافل)

പുരുഷൻമാർ അഞ്ച് നേരത്തെ നിർബന്ധ നിസ്കാരങ്ങൾ പള്ളിയിൽ വെച്ചു നിസ്കരിക്കൽ നിർബന്ധമാണ്. എന്നാൽ സുന്നത്ത് നിസ്കാരങ്ങളുടെ ഒരു വിഹിതം വീട്ടിൽ നിന്നാക്കുക എന്നത് വളരെ നല്ല കാര്യമാണ്.

നബി ﷺ പറഞ്ഞു:

**إِذَا قَضَى أَحَدُكُمُ الصَّلَاةَ فِي مَسْجِدِهِ فَلْيَجْعَلْ لِبَيْتِهِ نَصِيبًا مِنْ صَلَاتِهِ ؛ فَإِنَّ اللَّهَ جَاعِلٌ فِي بَيْتِهِ مِنْ صَلَاتِهِ خَيْرًا ".**

**നിങ്ങൾ ഫർള് നിസ്കാരങ്ങൾ പള്ളികളിൽ നിന്ന് നിർവ്വഹിച്ചാൽ നിങ്ങളുടെ വീട്ടിൽ നിന്ന് നിസ്കരിക്കുവാൻ സുന്നത്ത് നിസ്കാരങ്ങളിൽ നിന്ന് ഒരു വിഹിതം നിശ്ചയിക്കുക. കാരണം വീട്ടിൽ വെച്ചുള്ള നിസ്കാരത്തിന് അല്ലാഹു വീടുകളിൽ നന്മകൾ നിശ്ചയിക്കുന്നതാണ്.**

**(صحيح مسلم ٧٧٨)**

വീട്ടിൽ വെച്ച് സുന്നത്ത് നിസ്കാരം നിർവ്വഹിക്കുന്നതിലൂടെ ഒരുപാട് നേട്ടങ്ങൾ കരഗതമാകുമെന്ന് പണ്ഡിതൻമാർ അറിയിച്ചിട്ടുണ്ട് അതിൽ പെട്ടതാണ്. നമ്മുടെ ചെറു മക്കൾ അത് കണ്ട് വളരുകയും, അവർക്കതൊരു പ്രചോദനവുമായിത്തീരുകയും ചെയ്യും എന്നത്. നമ്മുടെ കുടുബത്തിനുള്ള ദീനിയ്യായ മാതൃക കാട്ടിക്കൊടുക്കൽ അതിലുണ്ട്. മറ്റൊരു ഹദീസിൽ കാണാം.

നബി ﷺ പറഞ്ഞു:

**فَصَلُّوا أَيُّهَا النَّاسُ فِي بُيُوتِكُمْ ؛ فَإِنَّ أَفْضَلَ الصَّلَاةِ صَلَاةُ الْمَرْءِ فِي بَيْتِهِ إِلَّا الْمَكْتُوبَةَ**

**ജനങ്ങളേ നിങ്ങൾ വീടുകളിൽ വെച്ചു നിസ്കരിക്കുക. തീർച്ചയായും നിർബന്ധ നിസ്കാരങ്ങൾ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം ഒരുവൻ തന്റെ വീട്ടിൽ വെച്ച് നിർവ്വഹിക്കുന്ന നിസ്കാരങ്ങളാണ്**

**(سنن ابن ماجه ١٣٣٦)**

## 3) ദീനിന്റെ കാര്യത്തിൽ വീട്ടിലുള്ളവർ പരസ്പരം സഹായിക്കൽ.

## (التعاون على البر والتقوى)

ഇത് അല്ലാഹുവിന്റെ സഹായവും, അവന്റെ കാരുണ്യവും ഒരു കുടുംബത്തിനു മേലുണ്ടാകുവാനുള്ള മുഖ്യമായ കാരണമാണ്.

അല്ലാഹു പറയുന്നു:-

**وَتَعَاوَنُواْ عَلَى ٱلۡبِرِّ وَٱلتَّقۡوَىٰۖ وَلَا تَعَاوَنُواْ عَلَى ٱلۡإِثۡمِ وَٱلۡعُدۡوَٰنِۚ وَٱتَّقُواْ ٱللَّهَۖ إِنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ﴿٢﴾**

[المائدة: 2]

**പുണ്യത്തിലും തഖ്‌വയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു**

**عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ " رَحِمَ اللَّهُ رَجُلًا قَامَ مِنَ اللَّيْلِ فَصَلَّى، وَأَيْقَظَ امْرَأَتَهُ فَصَلَّتْ، فَإِنْ أَبَتْ رَشَّ فِي وَجْهِهَا الْمَاءَ، رَحِمَ اللَّهُ امْرَأَةً قَامَتْ مِنَ اللَّيْلِ فَصَلَّتْ، وَأَيْقَظَتْ زَوْجَهَا فَصَلَّى، فَإِنْ أَبَى رَشَّتْ فِي وَجْهِهِ الْمَاءَ ".**

**അബൂ ഹുറൈറ ﵁ വിൽ നിന്ന് നിവേദനം : നബി ﷺ പറഞ്ഞു: രാത്രി എഴുന്നേറ്റ് നിസ്കരിക്കുകയും, തന്റെ ഭാര്യയെ നിസ്കരിക്കാൻ വിളിക്കുകയും, അവൾ മടി കാണിച്ചപ്പോൾ മുഖത്ത് വെള്ളം തെളിച്ച് അവളെ ഉന്മേഷവതിയാക്കുകയും ചെയ്യുന്ന ഒരു ഭർത്താവിനോട് അല്ലാഹു കരുണ കാണിക്കട്ടെ. രാത്രി എഴുന്നേറ്റ് നിസ്കരിക്കുകയും, തന്റെ ഭർത്താവിനെ നിസ്കരിക്കാൻ വിളിക്കുകയും, അയാൾ മടി കാണിച്ചപ്പോൾ മുഖത്ത് വെള്ളം തെളിച്ച് അയാളെ ഉന്മേഷവാനാക്കുകയും ചെയ്യുന്ന ഒരു ഭാര്യയോടും അല്ലാഹു കരുണ കാണിക്കട്ടെ.**

**(سنن ابن ماجه ١٣٣٦)**

എത്ര മനോഹരമായ കൺകുളിർമയേകുന്ന രംഗമാണ് ഈ ഹദീസിലുള്ളത്. ഭാര്യയും ഭർത്താവും ഒരുമിച്ച് കൈപ്പിടിച്ച് സ്വർഗത്തിന്റെ മാർഗത്തിലേക്ക്! പരസ്പരം ദീനിന്റെ കാര്യത്തിൽ സഹായിക്കുന്ന ഭാര്യാഭർത്താക്കൻമാർക്ക് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുവാൻ നബി ﷺ പ്രാർത്ഥിക്കുന്നു. നോക്കൂ..! നമ്മിൽ ആരാണ് നബി ﷺ യുടെ പ്രാർത്ഥന ലഭിക്കുവാൻ ആഗ്രഹിക്കാത്തവരായുള്ളത്.?

നബി ﷺ ഈ കാര്യത്തിൽ നമുക്ക് ഉത്തമ മാതൃകയാണ്. അവിടുന്ന് രാത്രി നിസ്കരിക്കുവാൻ എഴുന്നേറ്റാൽ പ്രിയ പത്നിയായ ആയിഷാ رضي الله عنها യോടു പറയും

**قومي وأوتري يا عائشة**

**ആയിഷാ നീ എഴുന്നേറ്റ് വിത്ർ നിസ്കരിക്കൂ ..!**

റമദാനിന്റെ അവസാന പത്തിനെ കുറിച്ച് വന്ന ഹദീസിൽ ഇപ്രകാരം കാണാം.

**عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا، قَالَتْ : كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ شَدَّ مِئْزَرَهُ وَأَحْيَا لَيْلَهُ وَأَيْقَظَ أَهْلَهُ.**

**അവസാന പത്ത് സമാഗതമായാൽ നബി ﷺ അരമുണ്ട് മുറുക്കുകയും, രാത്രികളെ ജീവിപ്പിക്കുകയും, തന്റെ കുടുംബക്കാരെ വിളിച്ചുണർത്തുകയും ചെയ്യുമായിരുന്നു.**

അവിടുന്ന് പരസ്യപ്രബോധനം തുടങ്ങിയ വേളയിൽ ആദ്യമായി താക്കീതുകളും, മുന്നറിയിപ്പുകളും നൽകിയിരുന്നത് തന്റെ കുടുംബക്കാർക്കായിരുന്നു എന്നത് ഏറെ ശ്രദ്ധേയമായ കാര്യമാണ്. അത്രമേൽ അവിടുന്ന് കുടുംബത്തിനെ ദീനീയ്യായ കാര്യങ്ങൾക്ക് സഹായിച്ചിട്ടുണ്ട്.

അത് കൊണ്ട് നാം സ്വർഗത്തിൽ പോകാൻ ആഗ്രഹിക്കുന്നു എങ്കിൽ നമ്മുടെ കുടുംബം നമ്മോടൊപ്പം സ്വർഗത്തിൽ ഉണ്ടാകണം എന്നും ആഗ്രഹിക്കുന്നുണ്ടെങ്കിൽ നാം ഏതെല്ലാം നന്മയിലുണ്ടോ ആ നന്മകളിലേക്ക് നമ്മുടെ കുടുംബത്തിനെ കൂടി ഗുണകാംക്ഷയോടെ സൗമ്യതയോടെ ക്ഷണിക്കുക. അവരെ സഹായിക്കുക. അത് അല്ലാഹുവിന്റെ കൽപനയും, അവൻ നമ്മെ ഏൽപ്പിച്ച നാം ചോദ്യം ചെയ്യപ്പെടുന്ന നമ്മുടെ മേലുള്ള ഉത്തരവാദിത്ത്വവുമാണ്.

അല്ലാഹു പറയുന്നു.:

**يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ قُوٓاْ أَنفُسَكُمۡ وَأَهۡلِيكُمۡ نَارٗا وَقُودُهَا ٱلنَّاسُ وَٱلۡحِجَارَةُ عَلَيۡهَا مَلَٰٓئِكَةٌ غِلَاظٞ شِدَادٞ لَّا يَعۡصُونَ ٱللَّهَ مَآ أَمَرَهُمۡ وَيَفۡعَلُونَ مَا يُؤۡمَرُونَ ٦ [التحريم: 6]**

**സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിൻറെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും.**

## 4) നിഷിദ്ധമായ കാര്യങ്ങളും, തിന്മകളും വീട്ടിൽ നിന്ന് അകറ്റി നിർത്തുക.

## (البعد عن المحرمات)

ഇത് പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ സൂക്ഷിക്കേണ്ട ഒന്നാണ്. ഖുർആൻ പാരായണവും, ദിക്റുകളുമെല്ലാം വീട്ടിൽ നന്മകൾ വർദ്ധിപ്പിക്കുമെങ്കിൽ. അല്ലാഹു ഹറാമാക്കിയ സംഗീതം, സിനിമ പോലുള്ളവയെല്ലാം വീട്ടിൽ ഉണ്ടാവുക എന്നത് തിന്മകൾ വിളിച്ചു വരുത്തുന്നതിന് തുല്യമാണ്. സംഗീതം പോലുള്ള ഹറാമുകൾ ശൈത്വാനിന്റെ കുഴലൂത്താകുന്നു. അത് ഹൃദയങ്ങളിൽ കാപട്യത്തെ മുളപ്പിക്കുന്ന കാര്യമാണ് എന്നൊക്കെ ഇസ്ലാമിക പ്രമാണങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കും. ഇത്തരം മ്ലേഛതകൾ വീട്ടിൽ ഉണ്ടാവുക എന്നത് അവിടെ സമാധാനവും , സന്തോഷവും ഊരി എടുക്കപ്പെടാൻ കാരണമാകുന്ന ഒന്നാണ്.

അത് പോലെ ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു ഗുരുതരമായ കാര്യമാണ് ജീവനുള്ള വസ്തുക്കളുടെ ചിത്രം സ്ഥാപിക്കുക എന്നത്. ഇത് നബി ﷺ വളരെ ശക്തമായി താക്കീത് നൽകിയ കാര്യമാണ്.

അവിടുന്ന് പറഞ്ഞു: -

**أَنَّ الْمَلَائِكَةَ لَا تَدْخُلُ بَيْتًا فِيهِ صُورَةٌ، وَأَنَّ مَنْ صَنَعَ الصُّورَةَ يُعَذَّبُ يَوْمَ الْقِيَامَةِ يَقُولُ : أَحْيُوا مَا خَلَقْتُمْ**

**തീർച്ചയായും മലക്കുകൾ ചിത്രങ്ങളുള്ള വീടുകളിൽ പ്രവേശിക്കുകയില്ല. ജീവനുള്ള വസ്തുക്കളുടെ ചിത്രം നിർമിക്കുന്നവർ ഖിയാമത്ത് നാളിൽ ശിക്ഷക്ക് വിധേയരാക്കപ്പെടുന്നതാണ്. അവർ ഉണ്ടാക്കിയ ചിത്രങ്ങൾക്ക് ജീവൻ നൽകാൻ അവരോട് പറയപ്പെടും)**

**(صحيح البخاري ٣٢٢٤)**

കുടുംബനാഥൻമാർ വീട്ടിൽ തിന്മകൾ നടക്കുമ്പോൾ തടയുകയും, നിഷിദ്ധങ്ങളുടെ വഴികളെല്ലാം കൊട്ടിയടക്കുകയും ചെയ്യണം. വീട്ടിൽ എല്ലാ ഹറാമുകളും അനുവദിച്ചു

നൽകുന്ന ആക്ഷേപകരമായ അവസ്ഥയെ തൊട്ട് ജാഗ്രത കൈക്കൊള്ളുകയും വേണം.

നബി ﷺ പറഞ്ഞു:

**مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ، فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ، فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ،**

**നിങ്ങളിൽ ആർ തിന്മ കാണുന്നുവോ സാധ്യമെങ്കിൽ അതിനെ കൈ കൊണ്ട് തന്നെ തടയുക. അതിന് സാധിച്ചില്ലെങ്കിൽ നാവ് കൊണ്ട് തടയുക. അതിനും സാധിച്ചില്ലെങ്കിൽ ഹൃദയം കൊണ്ട് അതിനെ വെറുക്കുക.**

**(صحيح مسلم ٤٩)**

വീട്ടിലെ പുരുഷൻമാർ ഹറാമായത് സമ്പാദിച്ച് തന്റെ കുടുംബത്തിനെ ഹറാം ഭക്ഷിപ്പിക്കുക എന്നത് വളരെ ഗൗരവത്തോടെ ശ്രദ്ധിക്കണം, കാരണം ഒരു കുടുംബം മുഴുവൻ ഹറാം ഭക്ഷിക്കുക എന്നത് അവർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള സഹായം തടയപ്പെടാനും, സമാധാനം നഷ്ടപ്പെടാനും കാരണമാകുന്നു. സ്വഹാബി വനിതകളിൽ ചിലർ തങ്ങളുടെ ഭർത്താക്കൻമാർ സമ്പാദിക്കുന്നതിന് വേണ്ടി പുറപ്പെടുമ്പോൾ അവരോടായി പറയാറുണ്ടത്രെ. നിങ്ങൾ ഹറാം സമ്പാദിച്ചു ഞങ്ങൾക്കായി കൊണ്ടു വരരുത് കാരണം വിശപ്പ് ഞങ്ങൾക്ക് സഹിക്കാം എന്നാൽ നരകാഗ്നി ഞങ്ങൾക്ക് താങ്ങാൻ ആവുകയില്ല. ആധുനിക ഭാര്യമാർക്ക് ഇവരിൽ മാതൃകയുണ്ട്.

## 5) വീട്ടുകാരോട് എറ്റവും നല്ല സ്വഭാവത്തിൽ പെരുമാറുക.

## (تحقيق الخلق الحسن)

കുടുംബ ജീവിതം ആനന്ദകരമാക്കാനുള്ള ഒരു കുറുക്ക് വഴിയാണിത്. പരസ്പരം ഏറ്റവും നല്ല സ്വഭാവത്തിൽ പെരുമാറാൻ ഒരോ കുടുംബാംഗങ്ങളും ശ്രമിച്ചാൽ അവിടെ പരസ്പരമുള്ള ബാധ്യതകൾ മനോഹരമായി നിറവേറുന്നതാണ്. എന്നാൽ ഈ കാര്യത്തിൽ വളരെ വലിയ വീഴ്ചയാണ് മുസ്ലിം ഉമ്മത്തിൽ കണ്ടു വരുന്നത്. പുറമെയുള്ളവരോട് കളിച്ചും, പുഞ്ചിരിച്ചും നടന്നവൻ വീട്ടിൽ കയറി കതകടക്കുമ്പോഴേക്ക് ഗർജിക്കുന്ന സിംഹതുല്യനായി അട്ടഹസിക്കുന്നു. അവിടെ അടിക്കുന്നു, അത് എടുത്തു എറിയുന്നു ആവശ്യം ഉള്ളതിനും ഇല്ലാത്തതിനുമായി ദേഷ്യം പിടിച്ചു കൊണ്ടിരിക്കുന്നു. അവന്റെ വീട്ടുകാർ ഇയാളൊന്ന് പുറത്ത് പോയിരുന്നെങ്കിലെന്ന് ആശിക്കുമാറാകുന്നു അവന്റെ പെരുമാറ്റം.

പുറമെയുള്ളവരോട് നല്ല പെരുമാറ്റം കാഴ്ച്ച വെക്കാൻ ഏവർക്കും സാധ്യമാകും. എന്നാൽ ഏറ്റവും അടുത്തവരോട് അത് സാധ്യമാകുന്നുണ്ടോ എന്നതാണ് ഏറെ പ്രസക്തം. അത് കൊണ്ടാണ് നബി ﷺ പറഞ്ഞത്.

**"خِيَارُكُمْ خِيَارُكُمْ لِنِسَائِهِمْ"**

**നിങ്ങളിൽ ഏറ്റവും ഉത്തമൻ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്.**

**(سنن ابن ماجه ١٩٨٧)**

മറ്റൊരു ഹദീസിൽ കാണാം:

**جَاءَ رَجُلٌ إِلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، فَقَالَ : يَا رَسُولَ اللَّهِ، مَنْ أَحَقُّ بِحُسْنِ صَحَابَتِي ؟ قَالَ : " أُمُّكَ ". قَالَ : ثُمَّ مَنْ ؟ قَالَ : " أُمُّكَ ". قَالَ : ثُمَّ مَنْ ؟ قَالَ : " أُمُّكَ ". قَالَ : ثُمَّ مَنْ ؟ قَالَ : " ثُمَّ أَبُوكَ ".**

**ഒരിക്കൽ ഒരു വ്യക്തി വന്നു കൊണ്ട് നബി ﷺ യോട് ചോദിച്ചു. ? :- അല്ലാഹുവിന്റെ റസൂലേ : എന്റെ നല്ല സ്വഭാവം കൊണ്ട് ജനങ്ങളിൽ ഏറ്റവും കടപ്പെട്ടവർ ആരാണ് ? അപ്പോൾ അവിടുന്ന് പറഞ്ഞു : നിന്റെ ഉമ്മ : വീണ്ടും രണ്ടാവർത്തി അയാൾ ചോദിച്ചു:**

**ശേഷം ആരാണ് ? അപ്പോൾ അവിടുന്നു അതേ മറുപടി പറഞ്ഞു : നിന്റെ ഉമ്മ . വീണ്ടും അയാൾ ചോദിച്ചു : പിന്നെ ആരാണ്? നിന്റെ ഉപ്പ.**

**(صحيح البخاري 5971)**

മേൽ സൂചിപ്പിച്ച ഹദീസുകളിൽ നിന്നെല്ലാം വ്യക്തമാകുന്നത് നാം ഏറ്റവും നന്നായി പെരുമാറേണ്ടത് നമ്മോട് ഏറ്റവും അടുത്തയാളുകളോടാണ് എന്നതാണ്. അപ്രകാരം നബി ﷺ യുടെ സ്വഭാവത്തെ കുറിച്ച് അവിടുത്തെ ഭാര്യയായ ആയിഷാ ﵂ പറഞ്ഞ തായി കാണാം.

**كَانَ خُلُقُهُ الْقُرْآنَ**

**അവിടുത്തെ സ്വഭാവം ഖുർആൻ ആയിരുന്നു.**

**(مسند احمد ٢٤٦٠١)**

മനോഹരമായ മര്യാദകളും, പെരുമാറ്റവുമായിരുന്നു അവിടുത്തേത്. അവിടുന്ന് ഏറ്റവും നല്ല ഭർത്താവായിരുന്നു. ഏറ്റവും നല്ല കുടുംബനാഥനായിരുന്നു. ഏറ്റവും നല്ല പിതാവായിരുന്നു. അവിടുത്തെ സ്ഥാനവും, ഉത്തരവാദിത്വവുമൊന്നും കുടുംബ ത്തോട് നല്ല നിലയിൽ പെരുമാറാൻ തടസ്സമായിരുന്നില്ല. അവിടുന്ന് ഭാര്യമാരെ അവരുടെ ജോലികളിൽ സഹായിക്കുകയും ബാങ്ക് വിളിച്ചാൽ പള്ളിയിലേക്ക് പോവുകയും ചെയ്യും എന്ന് അവിടുത്തെ ഭാര്യമാർ പറയുകയാണ്.

ആയിഷാ ﵂ യെ സന്തോഷിപ്പിക്കുന്നതിന് വേണ്ടി ഒരിക്കൽ അവിടുന്ന് അവർ പാനീയം കുടിച്ച അതേ സ്ഥാനത്ത് തന്നെ തന്റെ ചുണ്ടുകൾ വെച്ച് കുടിച്ച സംഭവം നമുക്ക് കാണാം.

മറ്റൊരു സംഭവം ആയിഷാ ﵂ വിവരിക്കുന്നു :

**خَرَجْتُ مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي بَعْضِ أَسْفَارِهِ وَأَنَا جَارِيَةٌ، لَمْ أَحْمِلِ اللَّحْمَ، وَلَمْ أَبْدُنْ، فَقَالَ لِلنَّاسِ : " تَقَدَّمُوا "، فَتَقَدَّمُوا، ثُمَّ قَالَ لِي : " تَعَالَيْ حَتَّى أُسَابِقَكِ "، فَسَابَقْتُهُ فَسَبَقْتُهُ، فَسَكَتَ عَنِّي، حَتَّى إِذَا حَمَلْتُ اللَّحْمَ، وَبَدُنْتُ، وَنَسِيتُ، خَرَجْتُ**

**مَعَهُ فِي بَعْضِ أَسْفَارِهِ، فَقَالَ لِلنَّاسِ : " تَقَدَّمُوا "، فَتَقَدَّمُوا، ثُمَّ قَالَ : " تَعَالَيْ حَتَّى أُسَابِقَكِ "، فَسَابَقْتُهُ فَسَبَقَنِي، فَجَعَلَ يَضْحَكُ وَهُوَ يَقُولُ : " هَذِهِ بِتِلْكِ ".**

**ഒരിക്കൽ ഒരു യുദ്ധ യാത്രയിൽ ഞാനും നബി ﷺ യോടൊപ്പം പുറപ്പെട്ടു. ഞാനന്ന് മെലിഞ്ഞ ചെറിയ ശരീര പ്രകൃതിയുള്ളവളായിരുന്നു. യാത്ര കുറച്ചങ്ങ് എത്തിയപ്പോൾ അവിടുന്ന് കൂടെയുള്ള സ്വഹാബികളോട് മുന്നിൽ പോകുവാൻ കൽപ്പിക്കുകയും, അവർ മുന്നോട്ട് നീങ്ങുകയും ചെയ്തു. അങ്ങിനെ ഞാനും അവിടുന്നും തനിച്ചായപ്പോൾ എന്നെ ഓട്ടപ്പന്തയത്തിന് ക്ഷണിക്കുകയും പന്തയത്തിൽ ഞാൻ വിജയിക്കുകയും ചെയ്തു. പിന്നീട് മറ്റൊരു യുദ്ധയാത്രാ മദ്ധ്യേ വീണ്ടും ഇതു പോലെ സ്വഹാബികളോട് മുന്നോട്ടു പോകാൻ കൽപ്പിക്കുകയും അവർ മുന്നോട്ടു പോവുകയും ചെയ്തു. അന്ന് ഞാൻ അൽപ്പം തടി ഉണ്ടായിരുന്നു. അങ്ങനെ ഓട്ടപ്പന്തയം നടക്കുകയും അവിടുന്ന് എന്നെ പരാജയ പ്പെടുത്തുകയും ചെയ്തു. എന്നിട്ട് ചിരിച്ചു കൊണ്ട് എന്നോട് പറഞ്ഞു: ആയിഷാ ഇത് അന്നത്തേതിന് പകരമാണ്.**

**(مسند احمد ٢٦٢٧٧)**

നോക്കൂ ... നബി ﷺ അമ്പത് വയസ്സ് തികഞ്ഞവരാണ്. യുദ്ധ യാത്രയിലാണ്. ഒരു സൈന്യത്തിന്റെ സേനാധിപനാണ്. ഒരുപാട് ഉത്തരവാദിത്വങ്ങളുള്ളവരാണ്. ഇതൊന്നും ഭാര്യമാരോടൊപ്പം സമയം പങ്കിടാൻ അവിടുത്തേക്ക് തടസ്സമായില്ല. ആധുനിക ഭർത്താക്കൻമാർക്കും ഇതിൽ മാതൃകയുണ്ട്.

## 6) പരസ്പരം ദുനിയാവിന്റെ കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യൽ.

## (العفو والتنازل)

കുടുംബത്തിൽ മുമ്പ് കഴിഞ്ഞു പോയ അനിഷ്ടകരമായ കാര്യങ്ങൾ മറന്നു പോകുന്ന നിലക്ക് പരസ്പരം ഭൗതിക കാര്യങ്ങളിൽ വിട്ടുവീഴ്ചാ മനോഭാവമുണ്ടാവുക എന്നത് വളരെ മുഖ്യമായ കാര്യമാണ്. കുറവുകൾ ഇല്ലാത്തവരായി ആരും തന്നെ ഉണ്ടാവുകയില്ല. എല്ലാ ആളുകളിലും വല്ല നന്മയും അവശേഷിക്കാതിരിക്കുകയുമില്ല. ഈ ചിന്ത വളരെ പ്രധാനപ്പെട്ടതാണ്. പരസ്പരം വെറുപ്പില്ലാതാക്കാൻ ഇത് നമ്മെ സഹായിക്കും.

തങ്ങളുടെ കുറവുകൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ കുറവുകൾ വിട്ട് വീഴ്ച ചെയ്തും അവരിലെ നന്മകളെ അംഗീകരിച്ചുമായിരിക്കണം നാം ജീവിക്കേണ്ടത്.

നബി ﷺ പറഞ്ഞു:

**لَا يَفْرَكْ مُؤْمِنٌ مُؤْمِنَةً إِنْ كَرِهَ مِنْهَا خُلُقًا رَضِيَ مِنْهَا آخَرَ ".**

**ഒരു വിശ്വാസിയായ ഭർത്താവും വിശ്വാസിനിയായ തന്റെ ഭാര്യയെ വെറുക്കാൻ പാടില്ല. ഇനി അവളിൽ നിന്ന് വല്ലതും അനിഷ്ടകരമായി തോന്നിയാൽ മറ്റൊന്ന് കൊണ്ട് അവളിൽ തൃപ്തിയടയുക.**

**(صحيح مسلم ١٤٦٩)**

ഉദാഹരണതിന് ചിലപ്പോൾ ചില ഭാര്യമാർ ഭർത്താക്കൻമാരുടെ കാര്യത്തിൽ വല്ല അശ്രദ്ധയും കാണിച്ചേക്കാം എന്നാൽ മക്കളുടെ കാര്യങ്ങളെല്ലാം വളരെ ഭംഗിയായി അവൾ നിർവഹിക്കുന്നുണ്ടായിരിക്കും. അപ്പോൾ ഓരോ ഭർത്താവും തന്റെ കാര്യത്തിൽ വന്ന വീഴ്ച വിട്ടു കൊടുക്കുകയും മക്കളുടെ കാര്യം അവൾ ഭംഗിയായി നിർവഹിക്കുന്നുണ്ടല്ലോ എന്ന് ചിന്തിക്കുകയും ചെയ്യുക.

അത് പോലെ ഭാര്യമാർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ് തങ്ങളുടെ ഭർത്താക്കൻമാരെ അല്ലാഹുവിനെ ധിക്കരിക്കാത്ത കാര്യങ്ങളിൽ അനുസരിക്കുക എന്നത്. അവർക്ക് സ്ഥാനവും ബഹുമാനവും ആശ്വാസവും നൽകുക എന്നതും. ഭർത്താവിന്റെ സ്നേഹം ലഭിക്കുവാനുള്ള കാരണം കൂടിയാണിത്.

നബി ﷺ പറഞ്ഞു:

**لَوْ كُنْتُ آمِرًا أَحَدًا أَنْ يَسْجُدَ لِأَحَدٍ لَأَمَرْتُ النِّسَاءَ أَنْ يَسْجُدْنَ لِأَزْوَاجِهِنَّ ؛ لِمَا جَعَلَ اللَّهُ لَهُمْ عَلَيْهِنَّ مِنَ الْحَقِّ ".**

**സൃഷ്ടികൾ മറ്റു സൃഷ്ടികൾക്ക് സുജൂദ് ചെയ്യുവാൻ ഞാൻ കൽപ്പിക്കുമായിരുന്നെങ്കിൽ ഭാര്യ അവളുടെ ഭർത്താവിനെ സുജൂദ് ചെയ്യുവാൻ ഞാൻ കൽപ്പിക്കുമായിരുന്നു. കാരണം അത്രമേൽ ബാധ്യതകൾ അവർക്ക് മേൽ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്.**

**(سنن ابي داود ٢١٤٠)**

# സമാപനം

മേൽ സൂചിപ്പിക്കപ്പെട്ട കാര്യങ്ങളാൽ ആരെങ്കിലും തന്റെ കുടുംബത്തെ വാർത്തെടുത്താൽ തികച്ചും സമാധാനപരമായ ജീവിതം അവന് ലഭിക്കുന്നതാണ്. ഇതിൽ കുറവും വീഴ്ച്ചയും വരുത്തിയാൽ അവർക്ക് ഒരുപാട് നഷ്ടവും, അസ്വസ്ഥത കളും തങ്ങളുടെ വീട്ടിൽ അനുഭവപ്പെടുന്നതാണ്.

അല്ലാഹു പറഞ്ഞു:

**مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾ [النحل: 97]**

**ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തി ക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും.**

മറ്റൊരായത്തിൽ കാണാം.

**وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا۟ وَٱتَّقَوْا۟ لَفَتَحْنَا عَلَيْهِم بَرَكَٰتٍ مِّنَ ٱلسَّمَآءِ وَٱلْأَرْضِ وَلَٰكِن كَذَّبُوا۟ فَأَخَذْنَٰهُم بِمَا كَانُوا۟ يَكْسِبُونَ ﴿٩٦﴾ [الأعراف: 96]**

**ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിൻറെ ഫലമായി നാം അവരെ പിടികൂടി.**

സമാധാനമുള്ള വീടും, കുടുംബ ജീവിതവും ആഗ്രഹിക്കുന്നവർ ഇത് മുറുകെ പിടിക്കുകയും, റബ്ബിനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അവനിൽ ഭരമേൽപ്പിക്കുകയും ചെയ്യട്ടെ.

അല്ലാഹു നമ്മുടെ ഭവനങ്ങളിൽ ആശ്വാസവും, സമാധാനവും നൽകുമാറാകട്ടെ.

وصلى الله على نبينا محمد وآله وصحبه وسلم